കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭവനസമുച്ചയങ്ങളുടെ നിർമ്മാണം - സംസ്ഥാനതല സാങ്കേതികാനുമതി കമ്മിറ്റി രൂപീകരണം - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 4063/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 16/12/2017.

---

വായന:- 1. 30.03.2017 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30.11.2017 ലെ LM/EW/C/TS/2017 നമ്പർ കുറിപ്പ്.

ഉത്തരവ്

ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി നൽകുന്നതിന് ലൈഫ് മിഷന്റെ ഭാഗമായി ഒരു ആർക്കിടെക്റ്റും, മൂന്ന് സിവിൽ എഞ്ചിനീയർമാരും ഉൾപ്പെടുന്ന സംസ്ഥാനതല സാങ്കേതികാനുമതി കമ്മിറ്റി രൂപീകരിക്കാൻ വായന (2) പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വായന (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വായന(1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി നൽകുന്നതിന് ലൈഫ് മിഷന്റെ ഭാഗമായി ഒരു സംസ്ഥാനതല സാങ്കേതികാനുമതി കമ്മിറ്റി ചുവടെ ചേർക്കും പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

- ഒരു Architect ഉം മൂന്ന് സിവിൽ എൻജിനീയർമാരും ഉൾപ്പെടെ നാല് പേരടങ്ങുന്ന പ്രസ്തുത കമ്മിറ്റിയിൽ ഒരാളെങ്കിലും M Tech Structural Engineer ആയിരിക്കേണ്ടതാണ് (I. I. T. യിൽ നിന്ന് ബിരുദം നേടിയവർക്ക് മുൻഗണന).
- മൂന്ന് സിവിൽ എൻജിനീയർമാരിൽ ഒരാൾ തദ്ദേശസ്വയംഭരണ വകുപ്പിലെയോ മറ്റ് സർവ്വീസിൽ നിന്ന് വിരമിച്ചതോ ആയ സൂപ്രണ്ടിംഗ് എൻജിനീയറുടെ പദവിയിൽ ഉള്ള ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടതാണ്.
- മറ്റ് രണ്ട് സിവിൽ എൻജിനീയർമാർ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ്/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവരായിരിക്കേണ്ടതാണ്.
- പ്രസ്തുത കമ്മിറ്റിക്ക് ഉയർന്ന പരിധിയില്ലാതെ ഭവന സമുച്ചയ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ